KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.166/PR/PIC/PHQ/18 Date : 02.07.2018

**പോലീസ് സേനയിൽ പുതുചരിത്രം**

## പട്ടിക ഗോത്രവിഭാഗത്തിൽപ്പെട്ട 74 പേർക്ക് മുഖ്യമന്ത്രി നിയമന ഉത്തരവ് കൈമാറി

പോലീസിൽ പുതചരിത്രമെഴുതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 74 പേർക്ക് സേനയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമന ഉത്തരവ് ലഭിച്ചു. തിരുവനന്തപുരം ടാഗോർ തിയേറ്ററിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിയമന ഉത്തരവ് കൈമാറി.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനത്തിനകത്തും വനാതിർത്തിയിലുമുള്ള പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിലെ 74 പേരെയാണ് ആദ്യഘട്ടത്തിൽ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേയ്ക്ക് തിരഞ്ഞെടുത്തത്. അട്ടപ്പാടി കടുകുമണ്ണ ഊരിൽ മർദനമേറ്റ് മരണമടഞ്ഞ ആദിവാസി യുവാവ് മധുവിന്റെ സഹോദരി ഉൾപ്പെടെ 22 വനിതകൾക്കും 52 പുരുഷൻമാർക്കുമാണ് ഈ നിയമനത്തിലൂടെ ഇപ്രകാരം ചരിത്രത്തിന്റെ ഭാഗമാകാൻ കഴിഞ്ഞത്. വയനാട് ജില്ല മുഴുവനായും പാലക്കാട് ജില്ലയിലെ അട്ടപ്പാടി, മലപ്പുറം ജില്ലയിലെ നിലമ്പൂർ, കാളികാവ്, അരീക്കോട് ബ്ലോക്കുകളെയുമാണ് സ്പെഷ്യൽ ഡ്രൈവിൽ ഉൾപ്പെടുത്തിയത്.

നാടിന്റെയും പോലീസിന്റെയും ചരിത്രത്തിൽ ഇതൊരു സവിശേഷമുഹൂർത്തമാണെന്ന് ചടങ്ങിൽ നടത്തിയ പ്രസംഗത്തിൽ മുഖ്യമന്ത്രി പറഞ്ഞു. സർക്കാർ ദുർബലരോടൊപ്പമാണ് എന്നതിന്റെ മകുടോദാഹരണമാണ് ഈ നടപടി. സമഗ്രവികസനം, സാമൂഹികനീതി എന്നതാണ് ഈ സർക്കാർ പിന്തുടരുന്ന അടിസ്ഥാന മുദ്രാവാക്യം. സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചയും സർവതോമുഖമായ വികസനവും ഉറപ്പാക്കുമ്പോൾത്തന്നെ അതിന്റെ ഗുണഫലങ്ങൾ എല്ലാവിഭാഗം ജനങ്ങൾക്കും ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

ഇന്ത്യയിലെ മറ്റു പല ഭാഗങ്ങളിലുമുള്ള പിന്നാക്ക-ദളിത് വിഭാഗങ്ങളുടെ അവസ്ഥ വച്ചുനോക്കുമ്പോൾ കേരളത്തിൽ അവരുടെ നില താരതമ്യേന ഭേദമാണ്. പക്ഷെ, സംസ്ഥാനത്തിന്റെ പൊതുജീവിത ഗുണനിലവാരവുമായി തട്ടിച്ചുനോക്കുമ്പോൾ അവർ പ്രത്യേക പരിഗണന അർഹിക്കുന്ന പിന്നോക്കാവസ്ഥയിലാണ്. പട്ടികവിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ തുടങ്ങി പാർശ്വവൽക്കരിക്ക

പ്പെട്ട ജനവിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ ആനുപാതികമായി കുറയ്ക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് പരിമിതിയാണ്. ഇത്തരം ദുർബല വിഭാഗങ്ങളുടെയും പൊതുവിൽ തുല്യാവസരങ്ങൾ നിഷേധിക്കപ്പെടുന്ന സ്ത്രീസമൂഹത്തിന്റെയും സാമൂഹിക ഉന്നമനം ഉറപ്പാക്കുക എന്നത് പ്രത്യേക പരിഗണന അർഹിക്കുന്ന കാര്യമാണ്. ആ പരിഗണനയാണ് ഇത്തരം നടപടികളിലൂടെ സർക്കാർ നൽകുന്നത്. ചരിത്രപരമായ കാരണങ്ങളാൽ പിന്നാക്കം തള്ളപ്പെട്ടുപോയ വിഭാഗങ്ങളോട് വരു എന്നു പറഞ്ഞുകൊണ്ടിരുന്നാൽ പോര. അവരെ അങ്ങോട്ടു ചെന്ന് കൈപിടിച്ച് സർക്കാർ ഒപ്പം കൂട്ടേണ്ടതുണ്ട്. അതാണ് ഇപ്പോൾ ചെയ്യുന്നത്. അതിന്റെ ഭാഗമായി പട്ടികവർഗ വിഭാഗങ്ങൾക്ക് ഭൂമിക്കുമേലുള്ള അവകാശവും സ്വന്തം ഭൂമിയും വീടും ഉറപ്പാക്കുക, അവരുടെ കോളനികളിലും വീടുകളിലും അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പാക്കുക, അവരുടെ ആരോഗ്യവും കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യങ്ങളും മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ നിരവധി പദ്ധതികളും നടപടികളും സർക്കാർ കൈക്കൊണ്ടുവരികയാണ്.

തീവ്രവാദമുൾപ്പെടെ പല തരത്തിലുള്ള വിധ്വംസക പ്രവർത്തനങ്ങളും പൊതുവിൽ വനമേഖല കേന്ദ്രീകരിച്ച് വേരുറപ്പിക്കാനാണ് ശ്രമിക്കുന്നത്. ഇത്തരം നീക്കങ്ങളെ നിയമപരമായി മാത്രമല്ല, അവയ്ക്കൊപ്പം ഫലപ്രദമായ വികസന-ക്ഷേമ നടപടികൾ നടപ്പാക്കിക്കൂടി നേരിടുക എന്നതാണ് സർക്കാർ സമീപനം. വിവിധ പട്ടികവർഗ കോളനികളിൽ സുരക്ഷ വർധിപ്പിക്കുന്നതിനും ക്രമസമാധാനം മെച്ചപ്പെടുത്തുന്നതിനുമൊപ്പം ക്ഷേമപദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനും പൊലീസ് സേനയിലെ പട്ടികവർഗ പ്രാതിനിധ്യം പ്രയോജനപ്പെടും.

അട്ടപ്പാടി കടുകുമണ്ണ ഊരിലെ മധു എന്ന യുവാവിന്റെ ദാരുണാന്ത്യത്തിന് ഉത്തരവാദികളായവർക്കെതിരെ അതിശക്തമായ പ്രതിഷേധം സമൂഹത്തിലുയർന്നുവന്നത് നല്ല കാര്യമാണ്. അവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കാനും ആ കുടുംബത്തിന് ആശ്വാസമെത്തിക്കാനും സർക്കാരിനു കഴിഞ്ഞു. മധുവിന്റ സഹോദരിയും ഈ പുതിയ സംരംഭത്തിന്റെ ഭാഗമായി പൊലീസ് സേനയിലേയ്ക്കുള്ള നിയമന ഉത്തരവ് നേടിയത് കൂടുതൽ സന്തോഷം തരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

വളരെ വേഗത്തിൽ, കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഈ 74 പേരെ തെരഞ്ഞെടുക്കുന്നതിൽ നല്ല മികവോടെ പ്രവർത്തിച്ച കേരള പബ്ലിക് സർവീസ് കമ്മീഷനെയും പൊലീസ് വകുപ്പിനെയും മുഖ്യമന്ത്രി അഭിനന്ദിച്ചു.

പട്ടികവിഭാഗങ്ങൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുന്നതിനപ്പുറം അവർക്ക് ഭൂമി, വീട്, ഉയർന്ന വിദ്യാഭ്യാസ സൗകര്യങ്ങൾ, തൊഴിൽ എന്നിവ ഉറപ്പാക്കുന്നതിലൂടെ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്നതാണ് സർക്കാർ സമീപനമെന്ന് ചടങ്ങിൽ അധ്യക്ഷപ്രസംഗം നടത്തിയ പിന്നാക്ക- പട്ടികവിഭാഗ ക്ഷേമ, സാംസ്കാരിക, നിയമ വകുപ്പു മന്ത്രി എ.കെ.ബാലൻ പറഞ്ഞു. വി എസ് ശിവകുമാർ എം എൽ എ തിരുവപനന്തപുരം സിറ്റി മേയർ അഡ്വ. വി.കെ.പ്രശാന്ത്, സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, ഐജി. മനോജ് എബ്രഹാം, എ.പി.ബറ്റാലിയൻ ഡി.ഐ.ജി. ഷെഫീൻ അഹമ്മദ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. നിയമനം ലഭിച്ചവരുടെ കുടുംബാംഗങ്ങളും ചടങ്ങിന് സാക്ഷ്യം വഹിക്കാനെത്തിയിരുന്നു. ഗോത്രവിഭാഗങ്ങളുടെ പാരമ്പര്യത്തനിമ വിളിച്ചോതുന്നു കലാപരിപാടികളും പരിപാടിയുടെ ഭാഗമായി അരങ്ങേറി.

********************